# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2203 18/07/2016 ൽ മറുപടിക്ക്

## റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.സി.ജോസഫ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം രൂപീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് സംസ്ഥാനത്ത് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കി വരുന്നുണ്ട്. പരീക്ഷ ണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റെലിസ് Ver.1 ഉപയോഗിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിരുന്നു. റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളെ ഇന്റർനെററ് മുഖേന പരസ്പരം ബന്ധിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. ഇത്തരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയതിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ റെലിസ് Ver.1 ആവശ്യമായ ഭേദഗതികൾ വരുത്തി റെലിസ് Ver.2 ആയി പരിഷ്കരിക്കുകയും ആയതുപയോഗിച്ച് റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu) 17.08.2015 മുതൽ തെരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിൽ നടപ്പിലാക്കി വരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഓപ്പൺ പേൾ (Open PEARL – Open Package for Effective Administration of Registration Laws) എന്ന സോഫ്റ്റ് വെയറും റെലിസ് Ver.2 ഉം തമ്മിൽ വെബ്സർവീസ് മുഖേന ബന്ധപ്പെടുത്തിയാണ് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കുന്നത്. ആയതു പ്രകാരം ഓപ്പൺ പേൾ വഴി രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങൾ ഉടൻതന്നെ ആവശ്യമായ വിശദാംശങ്ങൾ സഹിതം പോക്കുവരവിനായി ബന്ധപ്പെട്ട വില്ലേജാഫീസർക്ക് ഓൺലൈനായി ലഭ്യമാകുകയും ചെയ്യും. വില്ലേജ് ഓഫീസർ ആവശ്യമായ രേഖകൾ/പ്രമാണങ്ങൾ പരിശോധിച്ച് പോക്കുവരവ് അനുവദിക്കുകയോ, സബ്ഡിവിഷനുവേണ്ടി ബന്ധപ്പെട്ട തഹസിൽദാർക്ക് ഓൺലൈനായിത്തന്നെ അയച്ചുകൊടുക്കുകയോ ചെയ്യും. പോക്കുവരവ് അനുവദിച്ച വിവരവും അധികമായ പ്രമാണങ്ങൾ ആവശ്യമുണ്ടെങ്കിൽ അക്കാര്യവും അപേക്ഷകനെ എസ്.എം.എസ് വഴി അറിയിക്കുന്നതിനുള്ള സംവിധാനവും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യ-ങ്ങളാണ് ഈ പദ്ധതി യ്ക്കുണ്ടായിരുന്നത്; വിശദാം-ശങ്ങൾ എന്തെല്ലാം;

(ബി) ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദശ്യലക്ഷ്യത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഓൺലൈൻ പോക്കുവരവ് മുഖേന പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ല എന്നുറപ്പാക്കുന്നതിനും പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കുന്നതിനും ഈ സംവിധാനം ഉതകുന്നതാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു പ്രധാന ലക്ഷ്യം. കൂടാതെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഓൺലൈൻ പെയ്മെന്റ് സൗകര്യവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

(സി) സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ.) നം. 575/2015/റവന്യൂ തീയതി 17.10.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 21.01.2015 ലെ സ.ഉ.(സാധാ.) നം. 550/2015/പൊ.ഭ.വ പ്രകാരം റവന്യൂ വകുപ്പിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. G.O. (Ms) No.117/2016/RD തീയതി 16.02.2016 പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പെയ്മെന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ